ഉത്തരം

(എ) ഇല്ല.

(ബി&സി) ചില മേഖലകളിൽനിന്നുണ്ടായ അഭിപ്രായത്തെത്തുടർന്ന് ഇതു സംബന്ധമായ മാർഗ്ഗനിർദ്ദേശങ്ങളിൽ ചിലത് നടപ്പാക്കുന്നത് നിറുത്തി വെച്ചിരിക്കുകയാണ്.

ഡയഗനൈസിംഗ് സെന്ററുകളിലെ അമിത ഫീസ്

24(1832) ശ്രീ. ടി. നാണുമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രാഥമിക ഡയഗനൈസിംഗ് ടെസ്റ്റുകൾ നടത്തുന്നതിന് സ്വകാര്യമേഖലയിലോ സഹകരണമേഖലയിലോ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ടെസ്റ്റുകൾക്കായി അവ ഈടാക്കുന്ന ഫീസിന് സൗജന്യനിരക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ രോഗികളിൽ നിന്നും അമിതഫീസ് ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം സ്ഥാപനങ്ങൾ രോഗികളിൽ നിന്നും അമിതഫീസ് ഈടാക്കാതിരിക്കാൻ നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്വകാര്യമേഖലയിൽ പ്രാഥമിക ഡയഗനൈസിംഗ് ടെസ്റ്റുകൾ നടത്തുന്നതിന് ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല. എന്നാൽ കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്., എച്ച്. ഡി. എസ്. എന്നീ സൊസൈറ്റികളുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ കോളേജിലും, ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ എസ്. എ. റ്റി. യിലും ഡയഗനൈസിംഗ് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) തീരെ പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി പരിശോധനകൾ നടത്തുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അമിത ഫീസ് ഇടാക്കുന്നതായി പരാതി ലഭിച്ചാൽ പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

മഞ്ചേരി ജില്ലാ ആശുപത്രി വികസന സമിതി

25(1835) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മഞ്ചേരി ജില്ലാ ആശുപത്രി വികസന സമിതി പിരിച്ചുവിടണമെന്ന് ആശുപത്രി സുപ്രണ്ട് ആവശ്യപ്പെട്ടിരുന്നുവോ ;

(ബി) ഇതിന് പറഞ്ഞിട്ടുള്ള കാരണങ്ങൾ എന്തെല്ലാം ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ?

ഉത്തരം

(എ) ആവശ്യപ്പെട്ടിരുന്നില്ല.

(ബി&സി) ബാധകമല്ല.

കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

26(1836) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) ഈ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) മേൽപ്പറഞ്ഞ സെന്ററിനെ തരം താഴ്ത്തുന്നതിന് എന്തെങ്കിലും നടപടികൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ബ്ലോക്ക് പഞ്ചായത്ത് വഴി ആവശ്യമുള്ള കെട്ടിടങ്ങളും സൗകര്യങ്ങളും ഉണ്ടാക്കിയതിനാൽ പ്രസ്തുത സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായിത്തന്നെ നിലനിറുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രണ്ട് സിവിൽ സർജൻമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി) സിവിൽ സർജൻമാരായി പ്രൊമോഷൻ ലഭിക്കുന്നതിന് അർഹതയുള്ളവരുടെ സെലക്ട് ലിസ്റ്റ് തയ്യാറായിട്ടില്ല. ഡി.പി.സി.കൂടി അത് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ലഭിച്ചതിനുശേഷം മാത്രമേ ആ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നടത്തുവാൻ കഴിയുകയുള്ളൂ. പ്രൊമോഷൻ നടത്തുമ്പോൾ കാലടി സി.എച്ച്.സി.യിലെ സിവിൽ സർജൻ തസ്തികകളും നികത്തുവാൻ കഴിയും.

(സി) കാലടി സി.എച്ച്.സി. സ്ഥിതി ചെയ്യുന്നത് 92 സെന്റ് സ്ഥലത്ത് മാത്രമാണ്. ആശുപത്രിയുടെ കൂടുതൽ വികസനത്തിനാവശ്യമായ സ്ഥലം ഇവിടെ ലഭ്യമല്ല. അതിനാൽ തൊട്ടടുത്തുള്ള ഏതെങ്കിലും പ്രാഥമികാരോഗ്യ

LIBRARY ARCHIVES Kerala Legislative Assembly